# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4665 — 18/12/2014 ൽ മറുപടിക്ക്

## സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികളുടെ വേതനം ഈ സർക്കാരിന്റെ കാലയളവിൽ പരിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇവർക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | എ) | ഉണ്ട്. 2011-12-ൽ പാചകത്തൊഴിലാളികളുടെ പ്രതിദിന കുറഞ്ഞ വേതനം 100/- രൂപയിൽ നിന്നും 150/- രൂപയായും കൂടിയ വേതനം 150 രൂപയിൽനിന്നും 200/- രൂപയായും വർദ്ധിപ്പിച്ചു. 2012-13-ൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 200/- രൂപയും 250/- രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് ഉത്സവബത്തയും നൽകുന്നുണ്ട്. 2014-ലെ ഓണത്തിന് 1000/- രൂപയാണ് ഉത്സവബത്തയായി അനുവദിച്ചിട്ടുള്ളത്. |
| (ബി) | സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും, ഇവരുടെ വേതനം പരിഷ്കരിക്കുന്നതിനും സ്കൂൾ പാചകത്തൊഴിലാളികളുടെ യൂണിയനുകളുമായി അടിയന്തരമായി ചർച്ച നടത്തുമോ? | (ബി) | ഇവരുടെ വേതനം പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ